**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 169** **27-06-2022 - ൽ മറുപടിയ്ക്ക്**

**കുന്നുമ്മൽ സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | കുന്നുമ്മൽ സാമൂഹ്യ ആരോഗ്യകേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; | (എ) | കോഴിക്കോട് ജില്ലയിൽ കുറ്റ്യാടി മണ്ഡല ത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരെഞ്ഞെടുത്ത സി.എച്ച്. സി കുന്നുമ്മൽ എന്ന ആരോഗ്യ സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തെ തടസ്സങ്ങൾ എല്ലാം നീക്കി സൈറ്റ് കെ.എം.എസ്.സി. എൽ ന് കൈമാറി നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. Plinth Level കോൺക്രീറ്റ് വരെ പൂർത്തിയായിട്ടുണ്ട്. |
| (ബി) | എത്ര നിലകളിലാണ് പ്രസ്തുത കെട്ടിട നിർമ്മാണം നടത്തുന്നതെന്നും ഫൗണ്ടേഷൻ എത്ര നില നിർമ്മിക്കുന്നതിന് അനുയോജ്യമായിരിക്കുമെന്നും വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത കെട്ടിടം ഒറ്റ നിലയിൽ പ്രീ എൻജിനീ യറിംഗ് സ്ട്രക്ചറായാണ് നിർമ്മിക്കുന്നത് |
| (സി) | കെട്ടിടത്തിൽ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നത്; വിശദമാക്കാമോ; | (സി) | 10 കിടക്കകളുള്ള ഒരു ഐസൊലേഷൻ വാർഡിന് വേണ്ട മെഡിക്കൽ ഗ്യാസും, മെഡിക്കൽ ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങളും ഉള്ള 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രി എൻജിനീയറിങ് സ്ട്രക്ച്ചറുകൾ ഉപയോഗിച്ചുള്ള നിർമ്മാണമാണ് തീരുമാനിച്ചിരിക്കുന്നത്. |
| (ഡി) | പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണ ചെലവ്, നിർമ്മാണം പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്ന തീയതി, നിർമ്മാണം ഏറ്റെടുത്ത കരാറുകാരന്റെ ഫോൺ നമ്പർ സഹിതമുള്ള വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കാമോ? | (ഡി) | 10 കിടക്കകളുള്ള ഒരു ഐസൊലേഷൻ വാർഡിന് വേണ്ട മെഡിക്കൽ ഗ്യാസ് സൗകര്യങ്ങൾ ഉൾപ്പെടെ എല്ലാ വിധ സൗകര്യങ്ങളും മെഡിക്കൽ ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങളും ഉള്ള 2400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള പ്രി എൻജി നീയറിങ് സ്ട്രക്ച്ചറുകൾ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന തിനായി ഒരു കോടി എഴുപത്തൊമ്പതി നായിരം രൂപയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.തിരഞ്ഞെടുത്ത ഏജൻസി ആയ M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോപ്പറേറ്റീവ് സൊസൈറ്റി ക്കാണ് നിർമ്മാണ കരാർ നൽകിയിരി ക്കുന്നത്.<br>പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണം 2022 ഓഗസ്റ്റ് |

| | | | |
|---|---|---|---|
| | | | 15ന് പൂർത്തിയാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.<br>M/ s .തൃശ്ശൂർ ഡിസ്ട്രിക്റ്റ് ലേബർ കോൺട്രാക്റ്റ് കോപ്പറേറ്റീവ് സൊസൈറ്റി യുടെ ഫോൺ നമ്പർ :- 9288006414 (MD, TDLCS) |

സെക്ഷൻ ഓഫീസർ